**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 444** | **06-12-2022 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കുള്ള ധനസഹായം**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ</th><th colspan="2">ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ സ്കൂളുകളിൽ നടത്തിവരുന്ന ഉച്ചഭക്ഷണ പദ്ധതി സംബന്ധിച്ച് വകുപ്പിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;</td><td>(എ)</td><td>സ്കൂൾ ഉച്ചഭക്ഷണ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാർ പങ്കാളിത്തത്തോടെയാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത് (60:40). 2022-23 വർഷത്തെ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ നടത്തിപ്പിനായി 278.96കോടി രൂപ പ്ലാൻ അപ്രൂവൽ ബോർഡ് കേന്ദ്ര വിഹിതമായി അംഗീകരിച്ചിട്ടുണ്ട്. ആനുപാതികമായ സംസ്ഥാന വിഹിതത്തിന് പുറമെ സംസ്ഥാനത്തിന്റെ അധിക ധനസഹായമായും സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും കേന്ദ്ര വിഹിതമായി ലഭ്യമായ ആദ്യ ഗഡുവായ 167.38 കോടി രൂപയും (60%) ആനുപാതികമായ സംസ്ഥാന വിഹിതമായ 94.95 കോടി രൂപയും ചേർത്ത് ആകെ 262.33 കോടി രൂപ വിനിയോഗിക്കുന്നതിന് റിലീസ് ചെയ്ത് നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര വിഹിതം ലഭ്യമാകുന്നതിന് കാലതാമസം ഉണ്ടായിരുന്നതിനാൽ സംസ്ഥാനത്തിന്റെ അധികസഹായമായ 126 കോടി രൂപ റിലീസ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഈ പദ്ധതിക്കായി നിലവിൽ എത്ര രൂപയാണ് അനുവദിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>2022-23 സാമ്പത്തിക വർഷത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>
<table>
<tr><th></th><th>ശീർഷകം</th><th>തുക</th></tr>
<tr><td>കേന്ദ്ര വിഹിതം</td><td>2202-01-112-90-01-Plan</td><td>225 കോടി</td></tr>
<tr><td>സംസ്ഥാന വിഹിതം</td><td>2202-01-112-90-02-Plan</td><td>150 കോടി</td></tr>
<tr><td>സംസ്ഥാന അധിക വിഹിതം</td><td>2202-01-112-89-Plan (Mid day Meals Scheme State Additional Assistance)</td><td>192.64 കോടി</td></tr>
</table></td></tr>
<tr><td>(സി)</td><td>ഉച്ചഭക്ഷണ പദ്ധതി നടത്തികൊണ്ട് പോകുന്നതിൽ</td><td>(സി)</td><td>വിവരം ശേഖരിച്ചു വരുന്നു.</td></tr>
</table>

<table>
<tr><td></td><td>നേരിടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് പരാതികൾ കണക്കിലെടുത്ത് ഇതിനായി കൂടുതൽ തുക അനുവദിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;</td><td></td><td></td></tr>
<tr><td>(ഡി)</td><td>ആസ്തി വികസന പദ്ധതിയിൽ നിന്നോ പ്രത്യേക വികസന നിധിയിൽ നിന്നോ ഉച്ചഭക്ഷണ പദ്ധതിക്കായി തുക വകയിരുത്തുന്നതിനായി പ്രത്യേക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രത്യേകാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?</td><td>(ഡി)</td><td>എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ. (അച്ചടി) നം. 161/2017/ധന, നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ. (അച്ചടി) നം. 119/2018/ധന എന്നിവ പ്രകാരമുള്ള അനുവദനീയമായ പ്രവൃത്തികളിൽ ഉച്ചഭക്ഷണ പദ്ധതി ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി വികസന പദ്ധതിയിൽ നിന്നും ഉച്ചഭക്ഷണ പദ്ധതിക്കായി തുക വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടില്ല. കൊച്ചി നിയോജകമണ്ഡലത്തിലെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി നടപ്പാക്കി വരുന്ന അക്ഷരദീപം പദ്ധതിയുടെ ഭാഗമായി പ്രത്യേക വികസന നിധിയിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് മുൻ വർഷങ്ങളിൽ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>തുക</th><th>ഉത്തരവ്</th></tr>
<tr><td>2017-2018</td><td>30 ലക്ഷം</td><td>സ.ഉ. (സാധാ) നം. 6805/2017/ധന തീയതി 29.08.2017</td></tr>
<tr><td>2018-2019</td><td>20 ലക്ഷം</td><td>സ.ഉ. (സാധാ) നം. 4641/2018/ധന തീയതി 31.05.2018</td></tr>
<tr><td>2019-2020</td><td>30 ലക്ഷം</td><td>സ.ഉ. (സാധാ) നം. 4369/2019/ധന തീയതി 10.06.2019</td></tr>
</table>
കളമശ്ശേരി നിയോജകമണ്ഡലത്തിലെ 'അക്ഷയ ഉണർവ്വ്' പദ്ധതിയുടെ ഭാഗമായി ഉച്ചഭക്ഷണം നൽകുന്ന പദ്ധതിയ്ക്ക് പ്രത്യേക വികസന നിധിയിൽ നിന്ന് തുക വിനിയോഗിക്കുന്നതിന് മുൻ വർഷങ്ങളിൽ പ്രത്യേക അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>വർഷം</th><th>തുക</th><th>ഉത്തരവ്</th></tr>
<tr><td>2018-2019</td><td>20 ലക്ഷം</td><td>സ.ഉ. (സാധാ) നം. 5076/2018/ധന തീയതി 16.06.2018</td></tr>
</table>
</td></tr>
</table>

| | | | | | | |
|---|---|---|---|---|---|---|
| | | | | 2019 | 20 ലക്ഷം | സ.ഉ. (സാധാ) നം. 4493/2019/ധന തീയതി 14.06.2019 |

സെക്ഷൻ ഓഫീസർ